സിനിമയുടെ ഭാവി

—കോന്നിയൂർ ആർ. നരേന്ദ്രനാഥ്

സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ നടത്തപ്പെട്ടിട്ടുള്ള അപഗ്രഥനങ്ങളിൽ കണ്ടെത്തിയിട്ടുള്ള ചിലകാര്യങ്ങൾ ചലച്ചിത്രനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സിനിമാകാണുന്നവരിൽ അറുപതുശതമാനത്തോളം പതിനാലുമുതൽ ഇരുപത്തിയഞ്ചുവരെ പ്രായപരിധിയിൽപെടുന്നവരാണ്. കഷ്ടിച്ചു പന്ത്രണ്ടുശതമാനത്തോളമേ നാൽപ്പതുവയസ്സിലധികമായിട്ടുള്ളവരുള്ളൂ പ്രേക്ഷകവൃന്ദത്തിൽ. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം വന്നുകൂടിയിട്ടുള്ള ഒരു വലിയമാററമാണിത്. വീടുവിട്ടുപുറത്തുകഴിയുവാൻ താൽപ്പര്യമേറെയുള്ള യുവതലമുറയാണ് മുകളിൽ പറഞ്ഞ അറുപതുശതമാനത്തിൽപെടുന്നവർ. കുടുംബബന്ധത്തിന്റെ ശക്തിയിൽ പെട്ട്, ഭാര്യയും കുട്ടികളുമായി വീട്ടിനുള്ളിൽ ഒതുങ്ങിക്കഴിയുന്നവർ അധികവും ഇന്ന് ആശ്രയിക്കുന്നത് ടെലിവിഷനെയാണ്. വീട്ടിലിരുന്നു സിനിമകാണുന്നത് ഈ കുടുംബക്കാരും. പഴയരീതിയിലുള്ള കുടുംബ ചിത്രങ്ങൾക്ക് ഇന്നു കൊട്ടകകളിൽ പ്രിയം കുറയുന്നതിന്റെ കാരണവും ഇതുതന്നെ. ശരിയായിപരിശോധിച്ചാൽ ഇത്തരം "കുടുംബചിത്രങ്ങൾ" ഇന്നു പുറത്തുവരുന്നത് താരതമ്യേന കുറവായിട്ടുമാണ്.

ഇവിടെ പഴയതിൽ നിന്ന് അഭിരുചിയിലും ആവശ്യത്തിനുമുണ്ടായിട്ടുള്ള മാററം കണക്കാക്കേണ്ടിയിരിക്കുന്നു. പാരമ്പര്യ വിശ്വാസപ്രമാണങ്ങളെയും കെട്ടുപാടുകളെയും സംശയത്തോടെ വീക്ഷിക്കുന്ന ഒരു പുതിയ തലമുറയാണിന്നുള്ളത്. പഴയസങ്കൽപ്പങ്ങളും ആദർശങ്ങളും അർത്ഥവത്തല്ലെന്ന് അവർക്ക് കാണിച്ചുകൊടുത്തിട്ടുണ്ട്. ആദർശപ്രഖ്യാപനം ആത്മവഞ്ചനമറയ്ക്കാനുള്ള ഒരു ആവരണമാണെന്നത്രേ ചുററും അരങ്ങേറാറുള്ള സംഭവങ്ങൾ അനുദിനം അറിയിക്കുന്നത്. അതുകൊണ്ട് കാണുന്നതിനും കേൾക്കുന്നതിനും അറിയുന്നതിനും എന്തെങ്കിലും അതിർത്തികൾ വയ്ക്കുന്നതിന് അവർ അനുകൂലികളല്ല. എല്ലാററിലും അവർ കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കുന്നു. ലൈംഗികാശയങ്ങൾ അവശ്യം ഒഴിവാക്കിയിരുന്ന മാദ്ധ്യമങ്ങളിൽ അവ ഇന്ന് ഒഴിച്ചുകൂടാനാവാത്തതാണെന്നു വന്നു. അക്രമവും അടിപിടിയും കൊലപാതകവും കൊള്ളയുമൊക്കെ ചലച്ചിത്രങ്ങളിൽ ധാരാളമായി. കാണികളുടെ താൽപ്പര്യമധികവും വിചിത്ര കൽപ്പനകളിലും (ഫാൻറസി) സ്ഥാപിത സംവിധാനത്തോട് (എസ്റ്റാബ്ലിഷ്മെൻറ്) ഉള്ള എതിർപ്പും സ്ഥിരമായ സാമൂഹ്യരാഷ്ട്രീയ വിഷയങ്ങളോടുള്ള വെറുപ്പും പ്രകടമായികാണിക്കുന്ന ചിത്രങ്ങളിലാണ്; അവ കാണികൾ കൂടുതൽ സ്വാഗതം ചെയ്യുന്നു. യഥാർത്ഥ ജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടമാണ് ഇതു സൂചിപ്പിക്കുന്നത്.

സിനിമയുടെ ചരിത്രത്തിൽ ഏററവും കൂടുതൽ പണം സംഭരിച്ച നാലുചിത്രങ്ങളുടെ കണക്ക് ഇവിടെ പ്രസക്തമായതുകൊണ്ട്, മുകളിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉദാഹരണമായി ഇവിടെ ഉദ്ധരിക്കട്ടെ.

1) Star wars (1977) — 175,849,013 ഡോളർ
2) Jaws (1975) — 133,429,000 ഡോളർ
3) Grease (1978) — 93,292,000 ഡോളർ
4) The Exorcist (1973) -— 88,100,000 ഡോളർ

പ്രചരണത്തിനുള്ള ഏററവും ശക്തിമത്തായ മാദ്ധ്യമം ചലചിത്രമാണെന്ന് എല്ലാവരും സമ്മതിക്കുന്നു. സംസ്കാരത്തെയും മൂല്യബോധത്തെയും സൃഷ്ടിക്കാനും സംഹരിക്കാനും പ്രചോദനമേകാനും അതിനുകഴിയും. അതുകൊണ്ട് വളരെ ബോധപൂർവ്വം, ഉത്തരവാദിത്വത്തോടെ അത് കൈകാര്യം ചെയ്യേ മതിയാവൂ. എവിടെയുമുള്ള ആർക്കും അത് സ്വീകരിക്കാനുള്ള സാധ്യതകൾ അതിൽ തന്നെ സംഭരിച്ചിരിക്കുന്നു. സംഗീതത്തെപ്പോലെ, മനുഷ്യഹൃദയത്തിലേക്ക് ഇറങ്ങിച്ചെല്ലുവാൻ ചലച്ചിത്രത്തിന് എളുപ്പം സാധിക്കും. വിവരം (ഇൻഫർമേഷൻ) നൽകുന്നതിനെക്കാൾ വികാരം പകരുന്നതുകൊണ്ടാണ്, വിദേശഭാഷകളിലുള്ള ചിത്രങ്ങൾ പോലും കാണികൾ കാവ്യമായി സ്വീകരിക്കാറുള്ളത്. എവിടെയുള്ളവനായാലും മനുഷ്യന് വികാരത്തിന്റെ ഭാഷ മനസ്സിലാകും. റഷ്യനിൽ നിർമ്മിച്ചതെങ്കിലും പലദേശങ്ങളിലും പ്രദർശിപ്പിച്ചിട്ടുള്ള "കൊക്കുകൾ പറന്നുകൊണ്ടിരിക്കുന്നു" (The Cranes are flying 1957) എന്ന സിനിമ ഇതിനൊരുത്തമമായ ഉദാഹരണമാണ്. തികച്ചും റഷ്യൻ പശ്ചാത്തലത്തിൽ, യുവകാമുകീകാമുകൻമാരുടെ കഥപറയുന്ന ഈ ചിത്രം, ജീവന്മരണങ്ങളെക്കുറിച്ചും സ്നേഹനാശങ്ങളെപ്പററിയും യുദ്ധത്തിന്റെ അർത്ഥശൂന്യതയെ സംബന്ധിച്ചും പ്രസരിപ്പിക്കുന്ന, സന്ദേശം, ഭാഷാബോധംപോലും മറികടന്ന് അനുവാചകഹൃദയങ്ങളിൽ അടിഞ്ഞുതാഴുന്നു. കാണികൾ കഥാപാത്രങ്ങളുമായി സ്ഥാപിക്കുന്ന വൈകാരികബന്ധത്തിലൂടെയാണിതുണ്ടാകുന്നത്. ഉദാഹരണങ്ങളായിപറയുവാൻ ഇനിയുമെത്രയോ ഭാഷകളിലുള്ള ചിത്രങ്ങളാണുള്ളത്!

രണ്ടാംലോകമഹായുദ്ധാനന്തരം ലോകം ആകെപ്പാടെമാറി. ഈ മാററങ്ങളുടെ പ്രതിഛായ ചലച്ചിത്രങ്ങളിൽ സ്പഷ്ടമാകുകയും ചെയ്തു. ചുററുമുള്ള ലോകത്തിലെ യഥാർത്ഥസ്ഥിതിയിൽ മൂടുപടമിട്ടു മറയ്ക്കേണ്ടയാവശ്യം ആരും അംഗീകരിക്കാതായി; അതേസമയം ചലച്ചിത്രത്തിന് ശക്തമായ ഒരു

മത്സരം നേരിടാനുള്ള സാങ്കേതികനേട്ടവും നടന്നു—അതാണ് ടെലിവിഷൻ. സിനിമാകൊട്ടകയിൽ പോകാതെ സിനിമകാണാനുള്ള സൗകര്യം, വീട്ടിലെ സ്വീകരണ മുറിയിൽതന്നെ കിട്ടി! കൊട്ടകയിലൂടെയാണ്, സിനിമയുടെ വരുമാനത്തിന്റെ ബഹുഭൂരിഭാഗവും വരുന്നതെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. വരുമാനം ക്ഷയിച്ചെങ്കിലും ആസ്വാദകരുടെ എണ്ണം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്, ആസ്വാദകർ വർദ്ധിക്കുകയും വരുമാനം ക്ഷയിക്കുകയും ചെയ്യുന്ന വിരോധാഭാസം ഇങ്ങനെവന്നു!

പുരോഗതിപ്രാപിച്ച രാജ്യങ്ങളിൽ കഴിഞ്ഞ ദശകങ്ങളിൽ സിനിമയ്ക്കുള്ള കാണികളുടെയെണ്ണം കാര്യമായി കൊട്ടകകളിൽ കുറഞ്ഞിട്ടുണ്ടെന്നാണ് സ്ഥിതിവിവരക്കണക്കുകൾ അറിയിക്കുന്നത്. ഉദാഹരണമായി ജപ്പാനിലെ കാര്യം പറയട്ടെ. 1965-ൽ സിനിമകാണുന്നതിന് കൊട്ടകകളിൽ പോയിരുന്നവരുടെ എണ്ണം 373 ദശലക്ഷമായിരുന്നു. അത് 1977-ൽ 165 ദശലക്ഷമായി കുറഞ്ഞു! എന്നാൽ നമ്മുടെ നാട്ടിലെ അനുഭവം മറിച്ചാണ്. 1966-1975 കാലയളവിൽ സിനിമകൊട്ടകയിലെ ഹാജർ 23 ശതമാനം വർദ്ധിച്ചു. സോവിയററ് യൂണിയനിൽ കൊട്ടകകളുടെ എണ്ണം അൻപതുശതമാനവും ഹാജർ മുപ്പതുശതമാനവും വളർന്നു!

1979-ൽ ഏററവും കൂടുതൽ സിനിമ നിർമ്മിച്ചത് നമ്മുടെ രാജ്യത്താണ്-557 എണ്ണം! ജപ്പാൻ 337; അമേരിക്കൻ ഐക്യനാടുകൾ 225; ഫ്രാൻസ്-222; ഇററലി-167; സോവിയററുയൂണിയൻ 141. പൂർണ്ണദൈർഘ്യമുള്ള ചലച്ചിത്രങ്ങളിൽ പകുതിയിലധികവും ഏഷ്യയിലെ പതിനൊന്നുരാജ്യങ്ങളിലായിട്ടാണ് നിർമ്മിച്ചത്! ലോകത്തിന്റെ എല്ലാഭാഗങ്ങളിലും എത്തുന്നതിന് അമേരിക്കൻ ചിത്രങ്ങൾക്കുസാധിക്കുന്നു. എന്നാൽ അമേരിക്ക ചലച്ചിത്ര നിർമ്മാണത്തിന് എത്രയോ പിന്നിലുള്ള സ്ഥാനത്താണ് നിൽക്കുന്നത്! അമേരിക്കയ്ക്ക് സ്വാധീനമുണ്ടെങ്കിലും നേതൃസ്ഥാനമില്ല!

സംഗീതത്തിന്റെ കാര്യത്തിൽ സംഭവിച്ച മാതിരി സിനിമയുടെ കാര്യത്തിലും നടന്നുകൂടെന്നില്ല. ശബ്ദലേഖനത്തിന് സൗകര്യപ്രദമായ സാങ്കേതിക സംവിധാനമാണല്ലോ കാസററുകൾ. സാധാരണക്കാർക്കുപോലും പ്രയാസമില്ലാതെ ശബ്ദലേഖനം വീട്ടിൽ വച്ചുതന്നെ നടത്താം. റേഡിയോയിലൂടെ വരുന്ന തിരഞ്ഞെടുത്തനല്ലപാട്ടുകൾ ശബ്ദലേഖനം ചെയ്ത് വയ്ക്കുവാൻ ഇന്നു വൈഷമ്യമില്ല. അതുകൊണ്ട് വിലപിടിപ്പുള്ള ഗ്രാമഫോൺ റക്കാഡുകൾ വാങ്ങാതെ സാധിക്കാം. ഇതുപോലെ വീഡിയോ കാസററുകൾ വിഷമം കൂടാതെ വാങ്ങാവുന്നകാലമായാൽ, സിനിമാ നിർമ്മാതാക്കൾ, തങ്ങളുടെ ചിത്രങ്ങൾ കാസററിലാക്കി വിപുലമായി വിപണിയിലിറക്കേണ്ടിവരും. വീട്ടിനുള്ളിൽ വൈഷമ്യം കൂടാതെ വിശ്രമവേളയിൽ വീഡിയോ പ്രവർത്തിപ്പിച്ച് സിനിമ കാണുന്നശീലം വളരും. സിനിമകാണാൻ കൊട്ടകയിലേക്കുകയററുന്ന ശീലം ക്രമേണ ക്ഷയിച്ചേക്കും. കൊട്ടകകളെ ആശ്രയിച്ച സിനിമാനിർമ്മാതാക്കൾ പണം സമ്പാദിക്കുന്ന സാഹചര്യം ക്ഷയിക്കുമ്പോൾ, പുതിയമേച്ചിൽ സ്ഥലങ്ങൾ അവർ കണ്ടെത്തുവാൻ നിർബന്ധിതരായിത്തീരും.

പക്ഷേ ഇവിടെ ഒരു സംഗതി പ്രത്യേകിച്ച് പ്രസക്തമാണ്. ശബ്ദലേഖന സൗകര്യങ്ങൾ, അത് ഗ്രാമഫോൺ റെക്കാർഡായിട്ടായാലും, കാസെററായിട്ടായാലും വർദ്ധിച്ച് സംഗീതം സിദ്ധിക്കുന്നതിന് വിപണിയിൽ വഴിവളരെ തെളിഞ്ഞെങ്കിലും, സംഗീതസഭകളിലും മററ് അരങ്ങുകളിലും അവതരിപ്പിക്കാറുള്ള സംഗീതക്കച്ചേരികളുടെ—അത് ശാസ്ത്രീയമോ, ലളിതമോ ഏതുമാകട്ടെ—എണ്ണം ക്ഷയിച്ചിട്ടില്ലെന്നസത്യം ഓർമ്മിക്കുക. സിനിമവന്നിട്ട് നാടകത്തിന്റെ പ്രസക്തിയോ പ്രാഭവമോ എവിടെയെങ്കിലും ക്ഷയിച്ചിട്ടുണ്ടോ? അതുപോലെ ശക്തവും പ്രസക്തവുമായ സിനിമയെന്നമാദ്ധ്യമത്തിന് പുതിയ സാഹചര്യത്തിൽ സ്വാധീനവും സൽപ്പേരും പെരുകാനേ വഴിയുള്ളു. ഒരുപക്ഷേ ടെലിവിഷനെന്ന മാദ്ധ്യമത്തിന് പേരും പെരുമയും പുലർത്തുവാൻ കൂടുതലായി ചലച്ചിത്രത്തെ ആശ്രയിക്കേണ്ടതായിട്ടും വരും. ഇന്നുതന്നെ സിനിമയേ പ്രത്യക്ഷമായും പരോക്ഷമായും ആശ്രയിച്ച് അരങ്ങേററുന്ന പരിപാടികളുടെ പങ്കുകുറച്ചാൽ ടെലിവിഷന് സ്വന്തമെന്നുപെരുമപറയുവാൻ എത്രശതമാനം ഇനങ്ങളുണ്ട്? ലോകത്താകപ്പാടെയുള്ള സാഹചര്യത്തെക്കുറിച്ചുള്ള സത്യമാണിത്.

....0....

Best Compliments to

Padmabhushan–
Prem Nazir

SABILA PHARMACEUTICALS
are
Manufacturers & Sellers
of
LIGHT MAGNESIUM OXIDE
and
LIGHT MAGNESIUM CARBONATE

Managing Partner
A. P. R. NAIR
Advocate
Bombay High Court